## പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 746 30.01.2019 -ലെ മറുപടിക്ക്**

## അംബേദ്കർ സ്വാശ്രയഗ്രാമം പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| | **ശ്രീ.ഐ.ബി. സതീഷ്** | | **ശ്രീ. എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** |
| (എ) | അംബേദ്കർ സ്വാശ്രയഗ്രാമം പദ്ധതിയുടെ നിർവ്വഹണ പ്രവർത്തനങ്ങൾ വൈകുന്നതിന്റെ കാരണം വിശദമാക്കാമോ; | (എ) | ഏജൻസികളുടെ ഭാഗത്തു നിന്നുള്ള കാലതാമസം മൂലമാണ് പ്രസ്തുത പദ്ധതി വൈകുന്നത്. |
| (ബി) | കാട്ടാക്കട മണ്ഡലത്തിലെ നിലമേൽ കോളനി, തേരിക്കാവിള കോളനി എന്നിവിടങ്ങളിലെ പ്രസ്തുത പദ്ധതി പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ? | (ബി) | **നിലമേൽ കോളനിയിൽ** നിലവിൽ ഭരണാനുമതി നൽകിയിട്ടുള്ള എസ്റ്റിമേറ്റിൽ, 20 ഗുണഭോക്താക്കളുടെ വീട് മെയിന്റനൻസ്, 7 ഗുണഭോക്താക്കളുടെ സൈഡ് വാൾ നിർമ്മാണം എന്നിവ കൂടി ഉൾപ്പെടുത്തി മാറ്റം വരുത്തണമെന്ന് , നിലമേൽ കോളനിയിൽ 18.04.2018-ൽ കൂടിയ യോഗത്തിൽ കമ്മിറ്റി ആവശ്യപ്പെടുകയുണ്ടായി. ഇപ്രകാരം എസ്റ്റിമേറ്റ് പുതുക്കി തുടർനടപടികൾ സ്വീകരിക്കുന്നതാണ്.<br><br>**തേരിക്കവിള കോളനിയു**ടെ ഭരണാനുമതി ലഭ്യമായിട്ടുണ്ട്. സാങ്കേതിക അനുമതി ലഭിക്കുന്നതിനായി എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ